**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***25** 28-11-2018 -ൽ മറുപടിക്ക്

## നവകേരള സൃഷ്ടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ. എ.പി. അനിൽ കുമാർ**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.അനൂപ് ജേക്കബ്** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | നവകേരള സൃഷ്ടിക്കായി കേന്ദ്രസർക്കാർ മുമ്പാകെ സംസ്ഥാനസർക്കാർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; | എ) & ബി) | 2018 ആഗസ്റ്റിലെ പ്രളയക്കെടുതിയിൽ വീടുകൾക്കും പൊതു അടിസ്ഥാന സൗകര്യങ്ങൾക്കും കാർഷിക വിളകൾ, കന്നുകാലികൾ, ഉപജീവനമാർഗ്ഗങ്ങൾ, കച്ചവടം, ആവാസ വ്യവസ്ഥ, ജൈവ വൈവിദ്ധ്യം മുതലായവയ്ക്ക് ഭീകരമായ നാശനഷ്ടങ്ങൾ സംഭവിച്ച സമാനതകളില്ലാത്ത പ്രളയക്കെടുതിയിൽ നിന്നും സംസ്ഥാനത്തെ കരകയറ്റുന്നതിലേയ്ക്കായി നിരവധി പ്രവർത്തനങ്ങൾ / പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുനർനിർമ്മാണത്തിനായി Rebuild Kerala Initiative – RKI എന്ന പ്രത്യേക സംവിധാനം രൂപീകരിച്ചും ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 5616.77 കോടി രൂപയാണ് സംസ്ഥാനം ആവശ്യപ്പെട്ടത്. ഇതിനു പുറമെ, 5000 കോടി രൂപ പ്രത്യേക ധനസഹായമായി നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ 600 കോടി രൂപയാണ് പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായ കണക്കെടുപ്പിൽ ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾ തന്നെ 26,718 കോടി രൂപയുടെ നഷ്ടവും |
| ബി) | ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്രം ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്; | | |

| | | | |
|---|---|---|---|
| | | | പുനർനിർമ്മാണത്തിന് 31,000 കോടി രൂപ വേണ്ടിവരുമെന്നും വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രം അനുവദിച്ച തുകയുടെ പര്യാപ്തത വിലയിരുത്തേണ്ടത് ഈ സാഹചര്യത്തിലാണ്. കൂടുതൽ കേന്ദ്രസഹായം ലഭിക്കുമെന്നാണ് നാട് പ്രതീക്ഷിക്കുന്നത്. |
| സി) | അധികവിഭവ സമാഹരണത്തിനായി കേന്ദ്രത്തിന് മുമ്പാകെ വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; പ്രളയദുരന്തം പരിഗണിച്ച് സംസ്ഥാനത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന ആവശ്യത്തോട് കേന്ദ്രം അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; | സി) & ഡി) | കേന്ദ്ര ധനകാര്യ മന്ത്രാലയം, ലോക ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് എന്നിവയിൽ നിന്നുള്ള സംയുക്ത സംഘം സംസ്ഥാനത്ത് Rapid Damage Assessment and Need Analysis (RDNA) നടത്തുകയുണ്ടായി. RDNA റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന് ഉണ്ടായ നഷ്ടം 25,050/- കോടി രൂപയാണ്. ഐക്യരാഷ്ട്ര സഭയുടെ PDNA (Post Disaster Need Assessment) പ്രകാരം ആകെ 26,718 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിന് ഉണ്ടായിരിക്കുന്നത്. പുനർ നിർമ്മാണത്തിനായി 31,000/-കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് PDNA റിപ്പോർട്ട് വ്യക്തമാക്കുന്നത്.<br>വെള്ളപ്പൊക്കം മൂലം ദുരിതം ബാധിച്ചവരുടെ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും ആവശ്യമായ വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ GSDP യുടെ 3% ത്തിൽ നിന്നും 4.5 % ആയും 2019-20-ൽ 3.5% ആയും ഉയർത്തണമെന്നും നിലവിൽ ലോക ബാങ്ക് സഹായ പദ്ധതികളായ KSTP (Kerala State Transport Project), NCRMP (National Cyclone Risk Mitigation Project) എന്നീ പദ്ധതികളിൽ ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക് മേൽ ചുമത്തുന്ന GST- |
| ഡി) | വിദേശ ഏജൻസികൾ വഴി വായ്പകൾ തരപ്പെടുത്തുന്നതിന് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഈ വർഷം 4.5 ശതമാനവും അടുത്ത വർഷം 3.5 ശതമാനവും വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേലുള്ള കേന്ദ്ര നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>കേന്ദ്ര സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച് തീരുമാനം ഇതുവരെ ലഭിച്ചിട്ടില്ല. |
| ഇ) | കേന്ദ്രം പ്രത്യേക പരിഗണന നൽകുന്നതിൽ വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ കരകയറ്റുന്നതിന് സർക്കാരിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | ഇ) | കേന്ദ്ര സർക്കാർ / വിദേശ സഹായ ഏജൻസികളിൽ നിന്നു പ്രതീക്ഷിക്കുന്ന വായ്പകൾക്ക് പുറമെ സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായി RIDF (Rural Infrastructure Development Fund), NIDA, HUDCO (Housing and Urban Development Corporation) എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പയും LSGI (Department of Land Surveying and Geo-Informatic)യുടെ വികസന ഫണ്ടിൽ നിന്നുള്ള തുകയും വിവിധ വകുപ്പുകളുടെ പദ്ധതി വെട്ടി ചുരുക്കുന്നതിലൂടെ ലഭിക്കുന്ന തുകയും വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ